WEDNESDAY 15-09-2021 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -15/09/2021

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ എംഐഡിഎച്ച് (MIDH) പദ്ധതിയുടെ കീഴിൽ ഡ്രാഗൺ ഫ്രൂട്ട്, പ്ലാവ് കൃഷി, അവോക്കാഡോ, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മാംഗോസ്റ്റിൻ ഹൈബ്രിഡ് പച്ചക്കറി കൃഷി, കശുമാവ് എന്നിവയ്ക്കും കൂടാതെ യന്ത്രവൽകൃത കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനും, പ്രൈമറി മിനിമൽ പ്രോസസിംഗ് യൂണിറ്റ്, റൈപ്പനിംഗ് ചേബർ, ഇന്റഗ്രേറ്റഡ് പാക്ക് ഹൗസ്, പോളി ഹൗസ്, ഷെയിഡ് നെറ്റ് എന്നിവ നിർമ്മിക്കുന്നതിനും സബ്സിഡി ലഭ്യമാണ്. ഇടുക്കി ജില്ലയിലെ താല്പര്യമുള്ള കർഷകർ അവരവരുടെ പഞ്ചായത്തിലെ കൃഷിഭവനുകളുമായി ബന്ധപ്പെട്ട് അപേക്ഷകൾ നൽകേണ്ടതാണ്.

2. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറിയിൽ അത്യുൽപാദന ശേഷിയും രോഗപ്രതിരോധ ശേഷിയുമുള്ള ഡബ്ല്യു സി റ്റി ഇൻ പോളിബാഗ് (WCT in Polybag), കുറ്റ്യാടി തെങ്ങിൻ തൈകൾ തൈ ഒന്നിന് 130 രൂപയ്ക്കും ഡബ്ല്യു സി റ്റി (WCT), ആദിനാട് തെക്ക് തൈ ഒന്നിന് 100 രൂപയക്കും വിൽപ്പനയ്ക്ക് ലഭ്യമാണ്.

3. റബ്ബർഷീറ്റുണക്കുന്ന പുകപ്പുരയുടെ വിവിധ മോഡലുകൾ, അവയുടെ നിർമ്മാണം, പ്രവർത്തനം എന്നിവയെക്കുറിച്ചും നിലവിലുള്ള പുകപ്പുരകളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും അറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും ഇന്ന് (സെപ്റ്റംബർ 15) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ മറുപടി നൽകും. കോൾസെന്റർ നമ്പർ: **0481-2576622**

4. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ നിന്നും രോഗവിമുക്തമായ തേനീച്ച കോളനികൾ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ മുൻകൂർ പണമടച്ച രജിസ്റ്റർ ചെയ്യേണ്ടതാണ്. രോഗവിമുക്തമായ ഒരു ഇന്ത്യൻ തേനീച്ച കോളനിക്ക് 1400/- രൂപയാണ് സർവ്വകലാശാല നിശ്ചയിച്ചിരിക്കുന്ന വില. പ്രവർത്തി ദിവസങ്ങളിൽ രാവിലെ

10.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ പണമടച്ച രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടുന്ന ഫോൺ നമ്പർ: 09744660642, 08547109186

5. കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത പച്ചക്കറിയിനങ്ങളുടെ വിത്തുകൾ മണ്ണുത്തിയിലുള്ള സെയിൽസ് കൗണ്ടറിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370540** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. **സ്**റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (15/09/2021-നു) രാവിലെ 11 മണി മുതൽ **സുഭിക്ഷം സുരക്ഷിതം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChann0el/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

7. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 15-ന്) **കൂൺകൃഷി** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9447526964** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം വഴി നടപ്പിലാക്കുന്ന "സമ്പന്ന മാലിന്യം "എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) ഈ മാസം 20-ന് (സെപ്റ്റംബർ 20) ആരംഭിക്കുന്നു. പൂർണ്ണമായും സൗജന്യമായി നടപ്പിലാക്കുന്ന ഈ കോഴ്സിൽ പഠിക്കാൻ താല്പര്യമുള്ളവർ ഈ മാസം 19 നകം (സെപ്റ്റംബർ 19 നകം) പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പതിനൊന്ന് സെഷനുകളിലായി 24 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് കെ എ യു MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന് പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx

എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് ഈ മാസം 20 (സെപ്റ്റംബർ 20) മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

9. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (15/09/2021 ന്) രാവിലെ 10.30 മണിക്ക് **ശാസ്ത്രീയ തീറ്റക്രമം- ഹൈഡ്രോപോണിക്സ്, അസോള, സൈലേജ്, ഹേ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് http://meet.google.com/uei-vphp-gni എന്ന ലിങ്ക് മുഖേന ജോയിൻ ചെയ്യാവുന്നതാണ്.

10. ആലത്തൂർ ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (സെപ്റ്റംബർ 15 ന്) രാവിലെ 11 മണിക്ക് **ആദായകരമായ പാലുൽപാദനം-തീറ്റപ്പുൽകൃഷിയിലൂടെ** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് https:/meet.google.com/esm-uyaj-pni എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **0492-2226040** എന്ന നമ്പരിലോ dtcalathur@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

11. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 15) മുയൽ വളർത്തൽ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

12. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി (സെപ്റ്റംബർ 15,16) **പശു വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 9188522711 എന്ന ഫോൺ നമ്പരിൽ വാട്സ് ആപ്പ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

13. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയാടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഈ മാസം 16,17 തീയതികളിൽ മുട്ടക്കോഴിവളർത്തൽ, 27-ന് ഇറച്ചിക്കോഴി വളർത്തൽ, 23, 24 തീയതികളിൽ ആട് വളർത്തൽ എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ 0479 2457778 എന്ന നമ്പരിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 04792 2452277 എന്ന ഫോൺ നമ്പരിലോ ch.ahd@kerala.gov.in എന്ന മെയിലിലോ ബന്ധപ്പെടുക.

14. മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ ഹൈഡ്രോപോണിക്സ് വിഷയത്തെ പറ്റി 5 ദിവസത്തെ പരിശീലനപരിപാടി **സെപ്റ്റം ബർ 27 മുതൽ ഒക്ടോബർ 1** വരെയുള്ള തീയതികളിൽ രാവിലെ 10.30 മുതൽ 1.30 വരെ ഹൈടെക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ് ഹാൾ, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കര, തൃശൂരിൽ വെച്ച് ഓൺലൈനായി നടത്തുന്നു. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം, - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാല നം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **7025498850, 7034215912, 9961533547, 04872960079** എന്നീ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.